# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
ജൂലൈ:19,2019 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## പ്രളയ സെസ്സ് ഓഗസ്റ്റ് 1 മുതൽ

തിരുവനന്തപുരം - 2019 ഓഗസ്റ്റ് 1 മുതൽ സംസ്ഥാനത്ത് ചരക്കു സേവന നികുതിക്ക് ഒപ്പം 1 ശതമാനം പ്രളയ സെസ്സ് കൂടി ഏർപ്പെടുത്തി സർക്കാർ ഉത്തരവായി. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമാണത്തിനു വേണ്ടിയാണ് സംസ്ഥാനത്തിനകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിൽ ഒരു ശതമാനം സെസ് ചുമത്തുന്നത്. സ്വർണം ഒഴികെ 5 ശതമാനമോ അതിൽ താഴയോ നികുതിയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും സെസ് ബാധകമല്ല. കോമ്പോസിഷൻ രീതി തിരഞ്ഞെടുത്തിട്ടുള്ള വ്യാപാരികളെയും സെസിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ജി എസ് ടി നിയമത്തിലെ അഞ്ചാമത്തെ പട്ടികയിൽ വരുന്ന സ്വർണം, വെള്ളി, പ്ലാറ്റിനം, ഇവ കൊണ്ടുള്ള ആഭരണം എന്നിവയ്ക്ക് 0.25 ശതമാനവും, മറ്റുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണ മൂല്യത്തിൻ മേൽ ഒരു ശതമാനവുമാണ് പ്രളയ സെസ് ഏർപ്പെടുത്തിയിരിക്കുന്നത്. അതായത് ജി എസ് ടി നികുതി ചേർക്കാത്ത മൂല്യത്തിന്മേലാണ് പ്രളയ സെസ്സ് ഈടാക്കേണ്ടത്. സംസ്ഥാനത്തിനകത്തെ ചരക്കുകളുടെയും സേവനങ്ങളുടെയും അവസാന വിതരണഘട്ടത്തിൽ മാത്രമാണ് സെസ് ഈടാക്കുന്നത്. അതായത് ഉപഭോക്താക്കൾക്കും, രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കും, ബിസിനസ് ഇതര ആവശ്യങ്ങൾക്ക് വാങ്ങുന്നവർക്കും അവർക്ക് നൽകുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണ മൂല്യത്തിൻ മേൽ മാത്രയായി സെസ് നിജപ്പെടുത്തിയിരിക്കുന്നു .

പ്രളയ സെസ്സ് ഈടാക്കുന്നതിനാവശ്യമായ മാറ്റങ്ങൾ തങ്ങളുടെ ബില്ലിംഗ് സോഫ്ട്‌വെയറിൽ വരുത്തുവാൻ വ്യാപാരികളോട് അഭ്യർത്ഥിക്കുന്നു. അതാതു മാസത്തെ പ്രളയ സെസ് സംബന്ധിച്ച വിവരങ്ങൾ ഫോം നമ്പർ KFC -A Kerala Flood Cess Rules 2019 ൽ www,keralataxes.gov.in എന്ന വെബ്സൈറ്റ് വഴി സമർപ്പിക്കണം.

സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കമ്മീഷണർ